KERALA ELECTRICITY EMPLOYEES' CONFEDERATION
INTUC

KEEC

( Reg.No. 01-14/87- Aff. 10485 )
V.P. MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
Phone: 0471-2471087, Fax: 0471-2471087
Email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex.M.P | SIBYKUTTY FRANCIS | V. GOPAKUMAR |


തിരുവനന്തപുരം
25-01-2014

സ്വീകർത്താവ്

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം
തിരുവനന്തപുരം

സർ,

വൈദ്യുതി ബോർഡിൽ ഡിവിഷണൽ അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് ജീവനക്കാർക്കും പി.എസ്.സി വഴിയുള്ള ഉദ്യോഗാർത്ഥികൾക്കും വ്യത്യസ്ത പരീക്ഷകളാണ് നടത്തുന്നത്. പത്ത് വർഷക്കാലത്തോളം നീണ്ടു നിൽക്കാവുന്ന പ്രിലിമിനറി, ഫൈനൽ എന്നീ എട്ട് പരീക്ഷകളും വാച പരീക്ഷയും പ്രയോഗിക പരിശീലനവും ജീവനക്കാർക്കായി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഇതുമൂലമാണ് കഴിഞ്ഞ 20 വർഷത്തോളമായി ഈ വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ള 33 ഒഴിവുകൾ നികത്താൻ സാധിക്കാതിരുന്നത്. വിവിധ ഓഫീസുകളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. നേരിട്ടുള്ള നിയമനക്കാർക്ക് ഇളവുകൾ നൽകണമെന്നിരിക്കെ ഇത്രയും പ്രയാസകരമായ പരീക്ഷാരീതി ഏർപ്പെടുത്തിയിട്ടുള്ളത് യുക്തിക്ക് നിരക്കാത്ത കാര്യമാണ്.

ആയതിനാൽ നേരിട്ടുള്ള നിയമനക്കാർക്ക് നടത്തുന്ന പരീക്ഷാരീതി തന്നെ തസ്തികമാറ്റം വഴി നിയമിക്കപ്പെടുന്നതിന് ബോർഡ് ജീവനക്കാർക്കും നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ ഡിവിഷണൽ അക്കൗണ്ടന്റുമാരെ നിയമിക്കുന്നത് 1:1:1 എന്ന പ്രകാരം താഴെ പറയും വിധമാണ്.

1. തസ്തികമാറ്റം വഴി : കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന യോഗ്യതാ പരീക്ഷ പാസ്സാക്കുന്ന ബോർഡ് ജീവനക്കാരെ തസ്തികമാറ്റം വഴി നിയമിക്കുന്നു.
2. പ്രമോഷൻ വഴി: 10 വർഷം സർവ്വീസും അക്കൗണ്ട് ടെസ്റ്റ് (ഹയർ) യോഗ്യതയുമുള്ള സീനിർ അസിസ്റ്റന്റുമാരെ പ്രമോഷൻ വഴി നിയമിക്കുന്നു.

3.. നേരിട്ടുള്ള നിയമനം വഴി: നിശ്ചിത യോഗ്യതയുള്ളവരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഡ്വൈസ് പ്രകാരം നിയമിക്കുന്നു.

പബ്ലിക് വർക്സ് അക്കൗണ്ട് കോഡ് വിഭാവനം ചെയ്യുന്ന വിവിധ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി ഡിവിഷണൽ അക്കൗണ്ട് കോഡ് തസ്തിക ഉ ണ്ടാകണമെന്നും ആയതിലേക്ക് എപ്രകാരം നിയമനം നടത്തണമെന്നും ഇതിൽ വ്യക്തമായി നിർവഹിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ, ബി.എസ്.എൻ.എൽ ഉൾപ്പടെയുള്ള കേന്ദ്രസർക്കാർ കമ്പനികൾ, സ്ഥാപനങ്ങൾ, വാട്ടർ അതോറിറ്റി ഉൾപ്പടെയുള്ള സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, പി.ഡബ്ല്യൂ.ഡി, ഇറിഗേഷൻ മുതലായ സർക്കാർ വകുപ്പുകൾ എന്നിവിടങ്ങളിലെല്ലാം നിയമം അനുശാസിക്കുന്ന പ്രകാരം നിയമന രീതി തുടരുയും പി.എസ്.സി വഴി നടത്തുന്ന നേരിട്ടുള്ള നിയമനത്തിനും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും ഒരേ പരീക്ഷ തന്നെ നടത്തി വരികയും ചെയ്യുന്നു.

നിലവിൽ ബോർഡിലെ ഇതര തസ്തികകളിലേക്ക് (ഓവർസിയറിൽ നിന്നും സബ് എഞ്ചിനീയറിലേക്ക് 10%, സബ് എഞ്ചിനീയറിൽ നിന്നും AE ലേക്ക് 10%) നേരിട്ടുള്ള നിയമനക്കാർക്കും സർവ്വീസിലുള്ളവർക്കും ഒരേ തരത്തിലുള്ള പരീക്ഷയാണ് പി.എസ്.സി നടത്തുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ തസ്തികമാറ്റം വഴി അപേക്ഷിക്കുന്നതിനുള്ള പ്രയപരിധി 50 വയസ്സായി ഉയർത്തിയതുപോലെ തസ്തിക മാറ്റം വഴി ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിലേക്കും അപേക്ഷിക്കുന്നതിനുള്ള പ്രയപരിധി 50 വയസ്സായി ഉയർത്തേണ്ടതുണ്ട്.

ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ പ്രമോഷനെ സംബന്ധിച്ച് ചീഫ് എഞ്ചിനീയർ (HRM) ബോർഡ് സെക്രട്ടറിയ്ക്ക് കുറിപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത കുറിപ്പിനെ ബോർഡിൽനിന്നും അതിൻമേലുള്ള മറ്റൊരു കുറിപ്പിനായി FA ക്ക് വിട്ട് തെറ്റായ പ്രവണത സ്വീകരിച്ചിരിക്കുകയാണ്. ആയതിനാൽ ഒരേ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവർക്ക് ഒരേ കാര്യത്തിൽ തുല്യത അവകാശം നിഷേധിക്കുന്നത് ശരിയല്ല. ഇത് ഭരണ ഘടന ആർട്ടിക്കിൾ 14 "തുല്യതാ അവകാശം" ന് എതിരുമായതിനാൽ പി.എസ്.സി വഴിയുള്ള ഉദ്യോഗാർത്ഥികൾക്ക് വേണ്ടി നടത്തുന്ന അതേ ടെസ്റ്റ് തന്നെ ബൈ ട്രാൻസ്ഫർ പ്രമോഷനും ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Silvy Kutty

ജനറൽ സെക്രട്ടറി